# നടപടിത്തീർപ്പ്

ഡി.ഒ.ഇ.എസ് — പാലക്കാട് — ജീവനക്കാര്യം — ശ്രീ.അശറഫ്.റ്റി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് — അച്ചടക്ക നടപടി — സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, പാലക്കാട്

നം. ഇ2/1744/2018/ഡിഇഇഎസ്പി

സിവിൽ സ്റ്റേഷൻ,
പാലക്കാട് 678001,തീയതി: 23/07/2018
Email:ecostatpkd@gmail.com
Phone:04912505106

---

സൂചന: 1. 12/12/1995 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.517/1995/പ്ലാനിംഗ്.
2. 19/01/2001 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.29/2001/പ്ലാനിംഗ്.
3. 08/03/2006 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.89/2006/പ്ലാനിംഗ്.
4. 13/09/2010 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.324/2010/പ്ലാനിംഗ്.
5. ഈ ഓഫീസിലെ 11/05/2018 തീയതിയലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.
6. ഈ ഓഫീസിലെ 30/06/2018 തീയതിയലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

.........................

ശ്രീ.അശറഫ്.റ്റി എന്ന താങ്കൾക്ക് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ ജോലി നോക്കി വരവെ സൂചന (1),(2),(3) ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ.പാർട്ട് 1 അനുബന്ധം XII A അനുസരിച്ച് 3 ഘട്ടങ്ങളിലായി 15 വർഷക്കാലം ശൂന്യവേതനാവധി അനുവദിച്ചിട്ടുണ്ട്. സൂചന (4) പ്രകാരം 01/01/2011 മുതൽ 5 വർഷത്തേക്ക് കൂടി ഇനി ഒരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിൽ അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. താങ്കൾ 01/01/2016 ന് തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ താങ്കളുടെ പേരിൽ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരവും അനുബന്ധം XII A പ്രകാരവും അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് സൂചന (5) പ്രകാരം കുറ്റാരോപണ മെമ്മോ താങ്കളുടെ അവധി അപേക്ഷയിലെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് ആയി അയക്കുകയും ആയത് കൈപ്പറ്റിയതായിട്ടുള്ള തപാൽ വകുപ്പിന്റെ കൈപ്പറ്റ് രശീതി ലഭിക്കുകയും ചെയ്തു.

ശ്രീ.അശറഫ്.റ്റി എന്ന താങ്കൾ കുറ്റാരോപണ മെമ്മോ കൈപ്പറ്റി നിശ്ചിത സമയ പരിധിക്കുള്ളിൽ രേഖാമൂലമോ, ഓഫീസിൽ നേരിട്ട് ഹാജരായോ മറുപടി നൽകാത്ത സാഹചര്യത്തിൽ സൂചന (6) മുഖേന 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരവും അനുബന്ധം XII A പ്രകാരവും താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താത്ക്കാലികമായി തീരുമാനിക്കുകയും, ഇതിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ മതിയായ തെളിവുകൾ സഹിതം പ്രസ്തുത നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.